പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3497 | 16.12.2015 ൽ മറുപടിയ്ക്ക് |
|---|---|
| **ജനസംഖ്യാടിസ്ഥാനത്തിൽ അംഗൻവാടികളുടെ പുനർനിർണ്ണയം** | |
| ചോദ്യം | ഉത്തരം |
| **ശ്രീ. പി.ഉബൈദുള്ള** | **ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) അംഗൻവാടികളുടെ എണ്ണം നിർണ്ണയിക്കുന്നതിന് സ്വീകരിച്ചു വരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാം ; | (എ) കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള ജനസംഖ്യാ മാനദണ്ഡ പ്രകാരം ചുവടെ ചേർക്കുന്ന രീതിയിൽ ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ് അങ്കണവാടികൾ അനുവദിക്കുന്നത്.<br>**റൂറൽ/ അർബൻ പ്രദേശങ്ങൾ**<br>400-800 ജനസംഖ്യ - 1 അങ്കണവാടി<br>800-1600 ജനസംഖ്യ - 2 അങ്കണവാടി<br>1600-2400 ജനസംഖ്യ - 3 അങ്കണവാടി<br>ശേഷമുള്ള ഓരോ 800 ജനസംഖ്യയ്ക്കും ഒരു അങ്കണവാടി വീതം അനുവദിക്കാം.<br>**മിനി അങ്കണവാടി കേന്ദ്രങ്ങൾ**<br>150-400 ജനസംഖ്യ - 1 മിനി അങ്കണവാടി<br>**ട്രൈബൽ/റിവെറൈൻ/ഡെസേർട്ട്/ ഹില്ലി ആന്റ് മറ്റ് ഒറ്റപ്പെട്ട പ്രദേശങ്ങൾ**<br>300-800 ജനസംഖ്യ - 1 അങ്കണവാടി<br>150-300 ജനസംഖ്യ - 1 മിനി അങ്കണവാടി |
| (ബി) അശാസ്ത്രീയമായ പരിധിനിർണ്ണയം മൂലം അംഗൻവാടി വഴി വിതരണം ചെയ്യുന്ന ആനുകൂല്യങ്ങൾക്ക് ദൂരെയുള്ള കേന്ദ്രങ്ങളെ ആശ്രയിക്കേണ്ടി വരുന്നത് മൂലമുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (ബി) ഇല്ല. |
| (സി) എങ്കിൽ ഭൂമി ശാസ്ത്രപരമായ ഘടകങ്ങൾ കൂടി കണക്കിലെടുത്ത് ജനസംഖ്യാടിസ്ഥാനത്തിൽ ശാസ്ത്രീയമായി അംഗൻവാടികളുടെ പരിധി പുനർനിർണ്ണയിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ